# റെഡ് റിബൺ എക്സ്പ്രസ്: ജില്ലാതല ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി

തിരുവനന്തപുരം: എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ സന്ദേശവുമായെത്തുന്ന റെഡ് റിബൺ എക്സ്പ്രസിന്റെ പര്യടന നടത്തിപ്പിന്റെ ചുമതലയുള്ള ജില്ലാതല ഉദ്യോഗസ്ഥർക്കായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. കെ. ഷൈലജ ശില്പശാല ഉദ്ഘാടനം ചെയ്തു. എച്ച്ഐവി അണുബാധിതരോടുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കുന്നതിനും ബോധവത്കരണ സന്ദേശങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിൽ എത്തിക്കുന്നതിനും റെഡ് റിബൺ എക്സ്പ്രസ് പര്യടനം സഹായകരമാകുമെന്ന് ഡോ. കെ. ഷൈലജ പറഞ്ഞു.

ഫെബ്രുവരി 23ന് കാസർഗോഡ് എത്തുന്ന ട്രെയിൻ മാർച്ച് 12 ന് കരുനാഗപ്പള്ളിയിൽ കേരളത്തിലെ പര്യടനം പൂർത്തിയാക്കും. കാസർഗോഡ്, കണ്ണൂർ, തിരൂർ, പാലക്കാട്, തൃശൂർ, ആലുവ, എറണാകുളം സൗത്ത്, കായംകുളം, കരുനാഗപ്പള്ളി സ്റ്റേഷനുകളിലാണ് എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ സന്ദേശവുമായി ട്രെയിൻ എത്തുന്നത്. ഓരോ സ്ഥലത്തും രണ്ടു ദിവസം വീതം തങ്ങും. ഇതേസമയം ട്രെയിൻ എത്താത്ത ഉൾനാടൻ ഗ്രാമങ്ങളിലേക്ക് രണ്ടു ലൈഫ് ബസുകളിൽ കലാസംഘങ്ങൾ യാത്ര തിരിക്കും. ദിവസം മൂന്നു കേന്ദ്രങ്ങളിൽ വീതം ഇവർ എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും അറിവു പകരുന്ന പരിപാടികൾ നടത്തും. കലാപരിപാടികൾ, എച്ച്ഐവി അണുബാധിതന്റെ അനുഭവവിവരണം തുടങ്ങിയവ ഇതിന്റെ ഭാഗമായി ഉണ്ടാകും.

പത്തു കോച്ചുകളുള്ള ട്രെയിനാണ് റെഡ് റിബൺ എക്സ്പ്രസ്. എച്ച്ഐവി, എയ്ഡ്സിനെ സംബന്ധിച്ച വിദ്യാഭ്യാസ ഉപാധികളുടെ പ്രദർശനം, പൊതുജനങ്ങളുമായി സംവദിക്കുന്ന ടച്ച് സ്ക്രീനുകൾ, ത്രിമാന മാതൃകകൾ. എച്ച്ഐവി, എയ്ഡ്സ് നിയന്ത്രിക്കുന്നതിനുള്ള സേവനങ്ങളെ പറ്റിയുള്ള പ്രദർശനം, വിദ്യാഭ്യാസ ഉപാധികളുടെ പ്രദർശനം. എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണം ഒരു സാമൂഹിക വിഷയമെന്ന നിലയിൽ മറ്റുള്ള വകുപ്പുകളുടെ ഉത്തരവാദിത്തങ്ങൾ പ്രതിപാദിക്കുന്ന പ്രദർശനം. എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ പ്രദർശനം, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, അംഗൻവാടി പ്രവർത്തകർ, സ്വയംസഹായ സംഘം പ്രവർത്തകർ, യുവാക്കൾ, സ്ത്രീകൾ തുടങ്ങിയവരുടെ സംഘങ്ങൾക്ക് പരിശീലന സംവിധാനം, ഡോക്ടർമാരും കൗൺസലർമാരും ഉൾപ്പെട്ട കൗൺസലിംഗ്-മെഡിക്കൽ സേവനങ്ങൾക്കുള്ള സംവിധാനം എന്നിവ ട്രെയിനിൽ ഉണ്ടാകും. പ്ലാറ്റ്ഫോമിൽ സജ്ജീകരിക്കുന്ന ജ്യോതിസ് കേന്ദ്രത്തിൽ ആവശ്യക്കാർക്ക് എച്ച്ഐവി പരിശോധന നടത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തും. ട്രെയിനിലെ ഒരു കോച്ചിൽ പൊതുആരോഗ്യം, ശുചിത്വം, പകർച്ചവ്യാധികൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രദർശിപ്പിക്കും. ആരോഗ്യകേരളത്തിന്റെ ചുമതലയിലായിരിക്കും ഈ പ്രവർത്തനങ്ങൾ നടക്കുക..

റെഡ് റിബൺ എക്സ്പ്രസിന്റെ പര്യടനത്തോടനുബന്ധിച്ച് വിവിധ ജില്ലകളിൽ നടപ്പാക്കേണ്ട പരിപാടികളെ പറ്റി ശില്പശാലയിൽ ക്ലാസുകളും ചർച്ചയും നടന്നു. വിവിധ ജില്ലകളിൽ നിന്നുള്ള മെഡിക്കൽ ഓഫീസർമാർ, ആരോഗ്യകേരളം പ്രതിനിധികൾ, മാസ് മീഡിയ ഓഫീസർമാർ, നെഹ്രുയുവകേന്ദ്ര, എച്ച്.എൽ.എഫ്.പി.പി.ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി വേലായുധൻ, ബോധവത്കരണ വിഭാഗം ജോയിന്റ് ഡയറക്ടർ എസ്.അജയ് കുമാർ, മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ, അസിസ്റ്റന്റ് ഡയറക്ടർ ജെ. ഡോമി, ആരോഗ്യകേരളം സീനിയർ കൺസൾട്ടന്റ് പ്രേംജിത്ത് തുടങ്ങിയവർ ക്ലാസെടുത്തു.